1997-98 - 9925.60 രൂപ

ആകെ 104739.86 രൂപ

==========

(സി) വില്ലേജാഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നഗരത്തിൽ 2 താറിൽ കൂടുതൽ ഭൂമിക്ക് 100% വർദ്ധനവ് വരുത്തിയിട്ടുണ്ട്. 1.4.1998 മുതൽക്കാണ് വർദ്ധനവ് നിലവിൽ വന്നിട്ടുള്ളത്.

(ഇ) ഉണ്ട്.

രാഷ്ട്രീയ കക്ഷികൾക്ക് ഭൂമി

76 (2873) ശ്രീ. ബി. വിജയകുമാർ :

ശ്രീ. വി. ബാലറാം :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം രാഷ്ട്രീയ കക്ഷികൾക്ക് ഭൂമി നൽകിയിട്ടുണ്ട്;

(ബി) എന്തെല്ലാം വ്യവസ്ഥയിലാണ് ഭൂമി നൽകുന്നത്;

(സി) എവിടെയെല്ലാം എത്ര സ്ഥലം വീതമാണ് ഓരോ പാർട്ടിയും നൽകിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ശ്രീ. എൻ.ഇ. ബലറാമിന്റെ സ്മരണക്കായി കെട്ടിടം നിർമ്മിക്കുന്നതിന് എൻ.ഇ. ബലറാം സ്മാരക സമിതിക്ക് കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ പന്തലായനി വില്ലേജിൽ രണ്ട് സെന്റ് സ്ഥലവും, കൂത്തുപറമ്പ് സംഭവത്തിൽ വെടിയേറ്റു മരിച്ചവരുടെ സ്മരണയ്ക്കായി സ്മാരകം പണിയുന്നതിന് ഡി.വൈ.എഫ്.ഐ. കേരള സംസ്ഥാന കമ്മിറ്റി സെക്രട്ടറിയുടെ പേരിൽ കണ്ണൂർ ജില്ലയിൽ കൂത്തുപറംപംശം നരവൂർ ദേശത്ത് ആറ് സെന്റ് ഭൂമിയും, ശ്രീ. എ.കെ. ഗോപാലന്റെ പ്രതിമ സ്ഥാപിക്കുന്നതിന് സി.പി.ഐ. (എം.) കണ്ണൂർ ജില്ലാ സെക്രട്ടറിയുടെ പേരിൽ കണ്ണൂർ -2 വില്ലേജിൽ രണ്ടു സെന്റ് ഭൂമിയും പതിച്ചു നൽകുവാൻ ഉത്തരവായിട്ടുണ്ട്. ഭൂമിപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് ഭൂമി പതിച്ചു നൽകിയിട്ടുള്ളത്.

ഇ.എം.എസ് അക്കാഡമി

77 (2846) ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇ.എം.എസ്. അക്കാഡമിയുടെ മാനേജിംഗ് ട്രസ്റ്റി ഇ.എം.എസ്. അക്കാഡമിക്കുവേണ്ടി വിളപ്പിൽ വില്ലേജിൽ ഭൂമി വാങ്ങിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിച്ചിട്ടുണ്ടോ;

(സി) ഈ വസ്തുവിന്റെ ഉടമസ്ഥർ എന്നവകാശപ്പെടുന്ന പ്രവാസി മലയാളികൾ ബഹ്റിൻ അംബാസിഡർ മുഖേന സംസ്ഥാന സർക്കാറിന് എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ; പരാതിയിലെ ആവശ്യങ്ങൾ എന്തെല്ലാമാണ്; പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) വിളപ്പിൽശാലയിൽ ഫ്രാമാസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥലത്ത് ഇ.എം.എസ്. അക്കാഡമിക്കുവേണ്ടി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നു എന്ന് ആരോപിച്ച് പ്രസ്തുത കമ്പനിയിൽനിന്നും ദക്ഷിണമേഖലാ പോലീസ് ഐ.ജി.ക്കും ജില്ലാ കളക്ടർക്കും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8.93 ഏക്കർ ഭൂമിയ്ക്ക് പോക്കുവരവ് പട്ടയം പിടിച്ചിട്ടുണ്ട്. ബാക്കി സ്ഥലത്തിനു പോക്കുവരവ് ചെയ്ത് പട്ടയം മാറ്റുന്നതിന് ആർ.ഡി.ഒ. ഓഫീസിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. രണ്ടു കോടിയിലധികം രൂപ ചെലവിൽ 98.64 ഏക്കർ വസ്തു വിളപ്പിൽശാലയിൽ വാങ്ങിയിട്ടുണ്ടെന്നും പ്രസ്തു വസ്തു സുരേന്ദ്രൻ, ആഷിബാ സുലൈമാൻ എന്നിവരുടെ പേരിൽ കൈമാറ്റം ചെയ്തിട്ടുണ്ടെന്നും ടി-കളുടെ പേരിൽ വിലയാധാരം വാങ്ങിയിട്ടുള്ള 98.64 ഏക്കർ വസ്തു പോക്കുവരവ് ചെയ്തു കൊടുക്കണമെന്നുമാണ് ആവശ്യം. സുരേന്ദ്രൻ, ആഷിബാ സുലൈമാൻ എന്നിവരുടെ പേരിൽ 35.24 ഏക്കർ ഭൂമിക്ക് ആധാരം ചെയ്തിട്ടുണ്ടെങ്കിലും ആധാരത്തിലെ സർവ്വേ നമ്പരുകളിൽ വ്യത്യാസം വന്നതിനാൽ 8.93 ഏക്കറിന് മാത്രമേ പട്ടയം പിടിച്ചിട്ടുള്ളൂ. ബാക്കി സ്ഥലത്തിന് വേറെ കക്ഷികളുടെ പേരിൽ മുൻപു തന്നെ പട്ടയം പിടിച്ചിട്ടുണ്ട്.

(ഡി) പരാതികൾ ലഭിച്ചിട്ടുണ്ട്. ദക്ഷിണമേഖലാ പോലീസ് ഐ.ജി.ക്ക് ലഭിച്ചിട്ടുള്ള പരാതിയെ സംബന്ധിച്ച് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ട് നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയുന്നു. ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര അഡീഷണൽ തഹസീൽദാർ നടപടി സ്വീകരിച്ചുവരുന്നു. ഇ.എം.എസ്. അക്കാഡമിയുടെയും ഫ്രാമാസ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെയും വസ്തുക്കൾ തമ്മിൽ സർവ്വേ നമ്പരും കൈവശവും അനുസരിച്ച് വ്യക്തമായ അതിർത്തി ഇല്ലാത്തതിനാൽ അനധികൃതമായി കയ്യേറിയതായോ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായോ കണ്ടുപിടിക്കാൻ എളുപ്പമല്ല. ആയതിനാൽ സർവ്വേ നമ്പരുകളുടെയും കൈവശത്തിന്റെയും അടിസ്ഥാനത്തിൽ ഇരു കക്ഷികളുടെയും വസ്തുക്കൾ അളന്ന് തിരിച്ച് ബൗണ്ടറി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly